

## ആമുഖം

പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സമഗ്ര ഗുണമേന്മ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കുന്നതിനു വേണ്ടി മുതുകുളം കുമാരനാശാൻ മെമ്മോറിയൽ യു.പി. സ്കൂൾ തയ്യാറാക്കുന്ന അക്കാദമിക വികസന രേഖ.

പൊതുവായ ജീവിത ഗുണമേന്മകൊണ്ട് ഇന്ത്യയ്ക്ക് മുഴുവൻ മാതൃകയായ സംസ്ഥാനമാണ് കേരളം. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയങ്ങളിലെത്തിക്കാൻ കഴിഞ്ഞെങ്കിലും എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക എന്നത് ഏറ്റവും വലിയ വെല്ലുവിളിയാണ്. ദേശീയ വിദ്യാഭ്യാസ നയത്തെത്തുടർന്ന് ഗുണമേന്മ ലക്ഷ്യം വെച്ചുള്ള വ്യാപകമായ അടിസ്ഥാന സൗകര്യ വികസനവും അധ്യാപക പരിശീലനവും നടന്നിട്ടുണ്ട്.

അറിവിനെ നിർമ്മിക്കുന്ന പ്രക്രിയയാണ് ക്ലാസ്സ് മുറികളിൽ നടക്കേണ്ടതെന്നുള്ളതിനാൽ കുട്ടിയെ കേന്ദ്ര സ്ഥാനത്ത് നിർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യത്യസ്തമായ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലമുള്ള, വ്യത്യസ്തമായ ശാരീരികവും മാനസികവും ബൗദ്ധികവുമായ കഴിവുകളുള്ള എല്ലാ കുട്ടികൾക്കും പഠിക്കാനും വിജയം കൈവരിക്കാനും കഴിയുന്ന തരത്തിലുള്ളപ്രവർത്തനരീതിയാണ്നമ്മൾലക്ഷ്യമിടുന്നത്. N.C.F സൂചിപ്പിക്കുന്നതുപോലെ എല്ലാ വിഭാഗത്തിലും പെട്ടവർക്ക് പഠനനേട്ടം ഉണ്ടാകുന്നതിന് വിദ്യാഭ്യാസ പ്രക്രിയയുടെ എല്ലാ മേഖലകളിലും സൂക്ഷ്മവും ശാസ്ത്രീയവുമായ നിലപാടുകൾ സ്വീകരിക്കയാവണം നമ്മുടെ കാഴ്ചപ്പാട്.

വിദ്യാഭ്യാസ അവകാശനിയമം പ്രാബല്യത്തിൽ വന്നതോടെ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമായി മാറിക്കഴിഞ്ഞു. ഒരു പ്രത്യേകഘട്ടം പിന്നിടുന്ന കുട്ടി ലോകത്തെവിടെയാണെങ്കിലും ആർജിക്കേണ്ട അറിവുകളുടേയും അനുഭവങ്ങളുടേയും നല്ല നിലവാരത്തിലെത്തിക്കുകയാണ് നമ്മുടെ ലക്ഷ്യം.

നൂറു വർഷത്തോളം പഠന പാരമ്പര്യമുള്ള ഈ സ്കൂളിന് ഭൗതിക സാഹചര്യങ്ങളിൽ വളരെയധികം പോരായ്മകൾ ഉണ്ടായിരുന്നിട്ടും വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂളിന്റെ തുടർന്നുള്ള വികസനത്തിനായി അധ്യാപകർ, രക്ഷിതാക്കൾ, പൂർവവിദ്യാർത്ഥികൾ സാമൂഹ്യ രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ കൂട്ടായ്മയിലൂടെ നേട്ടങ്ങൾ കൈവരിക്കാനുള്ള യജ്ഞത്തിലേക്ക് കടക്കുകയാണ്. വിവിധഘട്ടങ്ങളിലായി 5 വർഷം കൊണ്ട് സ്കൂളിനെ മികവിന്റെ കേദാരമാക്കി മാറ്റുകയാണ് ലക്ഷ്യം.

# ലക്ഷ്യങ്ങൾ

- ഓരോ കുട്ടിയേയും യൂണിറ്റായി ഒരു കണക്കാക്കി അവനെ കഴിവുകൾക്കനുസരിച്ച് പ്രവർത്തനങ്ങൾ നൽകി ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കാനും, പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
- മൂല്യങ്ങൾ നഷ്ടപ്പെടാത്ത ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക.
- അതാതു ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പാക്കുക-ലക്ഷ്യമിടുന്ന പാഠഭാഗങ്ങൾ യഥാസമയം തീർക്കുക.
- ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ മൂന്നു ഭാഷകളിലും അടിസ്ഥാനശേഷി വികസിപ്പിക്കുക.
- തൊഴിലിനോടുള്ള ആഭിമുഖ്യം, പരിസ്ഥിതി സംരക്ഷണം, കാർഷിക സംസ്കാരം എന്നിവ വളർത്തുക.
- പ്രശ്നങ്ങളെ നേരിടാൻ ആത്മവിശ്വാസവും പിന്തുണയും നൽകുക.
- സർഗാത്മകമായ കഴിവുകൾ കണ്ടെത്തി അവ പ്രോത്സാഹിപ്പിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള അവസരങ്ങൾ നൽകുക.
- കായികക്ഷമതയുള്ള ഒരു തലമുറയെ വാർത്തെടുക്കുക.
- ലിംഗം/ജാതി എന്നീ വ്യത്യാസങ്ങൾ ഇല്ലാതെ എല്ലാവർക്കും പിന്തുണയും പ്രോത്സാഹനവും നൽകുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവർക്ക് അധിക സമയം കണ്ടെത്തി പിന്തുണ നൽകുക.
- ലഹരി വിമുക്തമായ ഒരു തലമുറയായി വരുന്നതിന് അടിസ്ഥാന പാഠങ്ങൾ നൽകുക.
- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കുക.
- ശാസ്ത്രാഭിമുഖ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
- മാനസികവും ശാരീരികവുമായും ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക.
- പൊതു സമൂഹത്തെ പൂർണ്ണമായും സ്കൂളിന്റെ ഭാഗമാക്കുക.
- വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുക.
- "സ്കൂൾ തന്നെ ഒരു പാഠപുസ്തകം" എന്ന് കുട്ടിക്ക് തോന്നുന്ന രീതിയിലുള്ള പഠനപ്രവർത്തനങ്ങൾ സജ്ജമാക്കുക.
- കുട്ടിയുടെ അവകാശമായ 1000-1200 മണിക്കൂർ പഠന സമയം ഉറപ്പാക്കുക.
- ഓരോ കുട്ടിയുമായും, അവന്റെ കുടുംബവുമായും ആത്മബന്ധം ഉറപ്പിക്കുന്ന രീതിയിൽ ക്ലാസ്സ് PTA ശക്തമാക്കുക.

- നിരന്തര വിലയിരുത്തൽ നടത്തി, പൊതു സമൂഹത്തിന്റെ പിന്തുണയും. വിശ്വാസവും ആർജിക്കുന്ന രീതിയിലുള്ള ഒരു പുതു തലമുറയെ വാർത്തെടുത്ത്, സ്കൂളിനെ സമൂഹത്തിന്റെ ഭാഗമാക്കുക.
- ICT സാദ്ധ്യത പ്രയോജനപ്പെടുത്തി എല്ലാ വിഷയങ്ങളും കൂടുതൽ താല്പര്യത്തോടെയും വിശദമായും കുട്ടികളിലെത്തിക്കുക.

# സ്കൂൾ ചരിത്രം

മുതുകുളം, കണ്ടല്ലൂർ, ആറാട്ടുപുഴ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കായലോര പ്രദേശവാസികളുടെ വിദ്യാസമ്പാദന കേന്ദ്രമായിരുന്നു നമ്മുടെ സ്കൂൾ. പകലന്തിയോളം പണിയെടുത്ത് അന്നന്നത്തെ അന്നത്തിന് വഴികണ്ടിരുന്നവർ ആരും തന്നെ വിദ്യാഭ്യാസത്തെക്കുറിച്ചും സാംസ്കാരിക പുരോഗതിയെക്കുറിച്ചും തിരിച്ചറിവ് ഉണ്ടായിരുന്നവരല്ല. ധാരാളം ചെറുപ്പക്കാരും കുട്ടികളും പ്രദേശത്തുണ്ടായിരുന്നുവെങ്കിലും അക്ഷരാഭ്യാസത്തിന്റെ കാര്യത്തിൽ പ്രദേശം പിന്നോട്ട് തിരിയുന്നത് മനസ്സിലാക്കി പ്രദേശത്തെ സാമൂഹിക പ്രവർത്തകരായ മണ്ണോട്ടു കരുണാകരപ്പണിക്കർ, നീലകണ്ഠമുരുകൻ എന്നിവരുടെ നേതൃത്വത്തിൽ സഹകരിപ്പിക്കാവുന്നവരെ മുഴുവൻ സംഘടിപ്പിച്ചുകൊണ്ട് ഒരു സ്കൂൾ സ്ഥാപിക്കുന്നതിൽ മുൻകൈ എടുക്കുകയും ഇന്നത്തെ നമ്മുടെ സ്കൂളിന് ഏകദേശം അരകിലോമീറ്റർ പടിഞ്ഞാറോട്ടുമാറി **ഐശ്വര്യപ്രദായിനി** എന്ന പേരിൽ 1921-ൽ ഒരു ഓല ഷെഡിൽ സ്കൂൾ ആരംഭിച്ചു. പഠിക്കാൻ താൽപര്യമുള്ള കുട്ടികളെ പ്രേരിപ്പിച്ച് സ്കൂളിൽ കൊണ്ടുവരികയും പഠിപ്പിക്കാൻ അധ്യാപകർക്ക് നാട്ടിൽ നിന്ന് പിരിവെടുത്ത് ശമ്പളം നൽകിയും സ്കൂൾ നിലനിർത്തിപ്പോന്നു. പഠിപ്പിക്കുന്നതിൽ രക്ഷകർത്താക്കളും പഠിക്കുന്നതിൽ കുട്ടികളും താൽപര്യമുള്ളവരായിത്തീരുകയും ചെയ്തതോടെ സ്കൂളിൽ സ്ഥലപരിമിതി പ്രശ്നമായിത്തീർന്നു. ഈ അവസരത്തിൽ പ്രദേശത്തെ പുരോഗമന ചിന്താഗതിക്കാർ നേതൃത്വം നൽകിപ്പോന്ന 301-ാം നമ്പർ S.N.D.P ശാഖായോഗം സ്കൂളിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ഇന്നത്തെ സ്കൂൾ നിൽക്കുന്ന സ്ഥലം വിലക്കുവാങ്ങി നാട്ടുകാരുടെ സഹായത്തോടെ കെട്ടികെട്ടി ഓലമേഞ്ഞ സ്കൂൾ സ്ഥാപിച്ചു. കുമാരനാശാന്റെ മരണശേഷം കേരളത്തിൽ ആദ്യമായി ആശാന്റെ സ്മാരകമാക്കി മാറ്റിയ സ്ഥാപനമാണ് ഇന്നത്തെ കുമാരനാശാൻ മെമ്മോറിയൽ എൽ.പി & യു.പി സ്കൂൾ. പിൽക്കാലത്ത് നാലുകെട്ടോടുകൂടിയ വലിയ കെട്ടിടവും അതിനോട് ചേർന്ന് പടിഞ്ഞാറും തെക്കുമായി വലിയ ഓടിട്ട കെട്ടിടങ്ങളും പണിതു. ഒന്നുമുതൽ ഏഴാം ക്ലാസ്സുവരെ 28 ഡിവിഷനും 12 അധ്യാപകരും ഉണ്ടായിരുന്നു. നാട്ടുകാരുടേയും അധ്യാപകരുടേയും അകമഴിഞ്ഞ സഹായത്തോടെ ഓലമേഞ്ഞ നാലുകെട്ട് പൊളിച്ച് മാറ്റി. ഇന്നത്തെ കെട്ടിടം പണിതു. 100 വർഷത്തോടടുത്തുള്ള പ്രവർത്തനപാരമ്പര്യവുമായി മുതുകുളത്തെ നിലവാരമുള്ള സ്കൂളായി തല ഉയർത്തി നിൽക്കുന്നു നമ്മുടെ സ്കൂൾ. മറ്റു സ്കൂളുകളുടെ ആരംഭവും അൺഎയ്ഡഡ് സ്കൂളുകളുടെ കച്ചവടക്കണ്ണും സ്കൂളിൽ കുട്ടികളുടെ കുറവിന് കാരണമാവുകയും ഡിവിഷനുകൾ കുറയുകയും അതിനനുസരിച്ച് അധ്യാപകരുടെ എണ്ണം കുറക്കേണ്ടതായും വന്നു. കുട്ടികളുടെ കുറവിന് ഇന്നത്തെ കുടുംബ പശ്ചാത്തലവും പ്രധാന കാരണമായിട്ടുണ്ട് (അണുകുടുംബം).

നമ്മുടെ സ്കൂളിന് രക്ഷിതാക്കളുടെ വിശ്വാസം ആർജിക്കുവാൻ കഴിഞ്ഞത് പഠനമികവും അച്ചടക്കവും യാതൊരു ചോർച്ചയും എന്നും ഒരേ നിലനിർത്തി കൊണ്ടു പോവുന്നതിൽ അദ്ധ്യാപകർക്ക് കഴിയുന്നതു കൊണ്ടാണ്.

നമ്മുടെ വിദ്യാലയം സബ് ജില്ലയിൽ കുട്ടികളുടെ എണ്ണം കൊണ്ടും പഠന നിലവാരം കൊണ്ടും പ്രധാന സ്കൂളുകളിലൊന്നായി നമ്മുടെ സ്കൂളിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. 164 കുട്ടികൾ പഠിക്കുന്ന സ്കൂളാണ് നമ്മുടേത്.

മ്യൂറൽ പെയിന്റിംങ്ങിൽ പ്രശസ്തനായ ശ്രീ. സുരേഷ് മുതുകുളം, ഈ സ്കൂളിന്റെ സംഭാവനയാണ്.

## അക്കാദമിക നേട്ടങ്ങൾ

- ☑ തൊട്ടടുത്ത് അൺ എയ്ഡഡ് സ്കൂളുകൾ ധാരാളം ഉണ്ടെങ്കിലും അക്കാദമിക നിലവാരം നിലനിർത്താൻ കഴിയുന്നു.
- ☑ എല്ലാ വർഷവും LSS, USS നേടുന്ന കുട്ടികൾ.
- ☑ തുടർച്ചയായ വർഷങ്ങളിൽ USS പ്രതിഭകൾ.
- ☑ Numats എന്ന ഗവൺമെന്റ് പദ്ധതിയിൽ തുടങ്ങിയിട്ട് 5 വർഷം പിന്നിടുമ്പോൾ 3 കുട്ടികൾക്ക് സംസ്ഥാന തലത്തിൽ സെലക്ഷൻ.
- ☑ ജില്ലാ മത്സരങ്ങളിൽ തുടർച്ചയായി ഗണിതത്തിൽ ഓവറോൾ ഗ്രേഡ്.
- ☑ സംസ്ഥാന തലത്തിൽ Social Science/Science/Maths എന്നിവയിൽ കുട്ടികളെ പങ്കെടുപ്പിച്ച് സമ്മാനങ്ങൾ നേടാൻ കഴിയുന്നു.
- ☑ സബ് ബാലകലോത്സവത്തിൽ രചനാ മത്സരങ്ങളിൽ തിളക്കമാർന്ന വിജയം.
- ☑ എൽ.പി സയൻസ് മേളയിൽ മൂന്നാം സ്ഥാനം.
- ☑ 7-ാം ക്ലാസ്സിൽ എത്തുമ്പോഴേക്കും 95% കുട്ടികളും പൂർണ്ണമായും എഴുത്തും വായനയും അറിയുന്നവരായിരിക്കും.
- ☑ തൊട്ടടുത്ത ഹൈസ്കൂളുകളിൽ 10-ാം ക്ലാസ്സിൽ എല്ലാ വിഷയത്തിനും A+ നേടുന്നവരിൽ കൂടുതൽ പേരും ഈ സ്കൂളിൽ പഠിച്ചവരാണ്.
- ☑ സംസ്കൃതോത്സവത്തിൽ സബ് ജില്ലയിൽ ഓവറോൾ.
- ☑ അക്ഷരമുറ്റം ക്വിസ് മത്സരത്തിൽ സബ് ജില്ലയിൽ നിന്നും പല പ്രാവശ്യം ജില്ലാ തലത്തിലേക്ക് മത്സരിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ☑ കായിക മത്സരത്തിൽ ജില്ലാ തലത്തിൽ സമ്മാനങ്ങൾ.
- ☑ പ്രവൃത്തിപരിചയമേളയിൽ ജില്ലാതല പങ്കാളിത്തം
- ☑ ഗിഫ്റ്റഡ് കുട്ടികളെ സംഭാവനചെയ്തു.

## കാഴ്ചപ്പാട്

അക്കാദമിക നിലവാരത്തിലും കുട്ടികളുടെ എണ്ണത്തിലും ഏറെ മുന്നിലാണ് ഈ സ്കൂൾ എങ്കിലും ചില ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ജൈവവൈവിധ്യ പാർക്കിനും പ്ലാസ്റ്റിക്ക് രഹിത ക്യാമ്പസിനും മാലിന്യ നിർമ്മാർജ്ജനത്തിനും കൂടുതൽ പ്രാധാന്യം ഈ സ്കൂൾ വർഷം നടപ്പാക്കുന്നു. ഇതോടൊപ്പം കായിക മികവിനായി ഗ്രൗണ്ട് നിരപ്പാക്കുകയും കെട്ടിടങ്ങൾ അടച്ചുപൂട്ടുള്ളതാക്കുകയും ചെയ്താൽ സ്കൂൾ ഉന്നതിയിലെത്തിക്കാൻ കഴിയും. എല്ലാ കുട്ടികളേയും സ്കൂളിലെത്തിച്ചും രക്ഷിതാവിന്റെ സ്വപ്നത്തിനനുസരിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകി ഒരു പുതുതലമുറയെ വാർത്തെടുക്കുകയാണ് ലക്ഷ്യം. ഓരോ അധ്യാപകനും തന്റെ സ്കൂളിലെത്തുന്ന കുട്ടിയുടെ സാമ്പത്തിക സാമൂഹ്യ സാഹചര്യങ്ങൾ മനസ്സിലാക്കി രക്ഷിതാവിന്റെ സ്വപ്നങ്ങൾക്കനുസരിച്ച് കുട്ടിയെ വളർത്തിയെടുക്കും.

## നിലവിലെ അവസ്ഥാ വിശകലനം

കയർ മേഖലയിൽ ജോലി ചെയ്തും മത്സ്യബന്ധനം, തൊഴിലുറപ്പ് തുടങ്ങിയ ജോലികളിലേർപ്പെട്ടും ഉപജീവനം നടത്തുന്ന കുടുംബങ്ങളിൽ നിന്നാണ് ഭൂരിഭാഗം കുട്ടികളും വരുന്നത്. അതിനാൽ സാമ്പത്തിക പരാധീനത അനുഭവിക്കുന്നവരാണ് മിക്ക കുട്ടികളും.

ഒന്നു മുതൽ അഞ്ച് വരെ വരെയുള്ള ക്ലാസ്സുകളിൽ ഒരു ഡിവിഷനുകൾ വീതവും 6, 7 ക്ലാസ്സുകളിൽ 2 ഡിവിഷനുകൾ വീതവും നിലനിർത്തി പോരുന്നു. എൽ.കെ.ജി, യു.കെ.ജി ക്ലാസ്സുകളും ഇതിനോടൊപ്പം പ്രവർത്തിച്ചുവരുന്നു.

LKG, UKG ക്ലാസ്സുകളിൽ 2 അധ്യാപകരും ഒരു ആയയും ഉണ്ട്. 1 മുതൽ 7 വരെ 10 അധ്യാപകരും, ഒരു അനദ്ധ്യാപകനും എച്ച്.എം ഉണ്ട്. കുട്ടികളുടെ യാത്രാ സൗകര്യത്തിനായി സ്കൂൾ ബസ് ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് മാനേജുമെന്റും പി.റ്റി.എ യും സഹകരിക്കുന്നുണ്ട്.

കുട്ടികളിൽ വായനാശീലം കുറഞ്ഞുവരുന്നതായി കാണുന്നു ഇന്നത്തെ കുട്ടികൾക്ക് ഔഷധസസ്യങ്ങൾ, വൃക്ഷങ്ങൾ ജൈവവൈവിധ്യം നിലനിൽക്കുന്നതിന്റെ ആവശ്യകത എന്നിവയെക്കുറിച്ച് പരിജ്ഞാനമില്ല. കായികമത്സരങ്ങളിൽ കുട്ടികൾ പിന്നിലാകുന്നതായി കണ്ടു. ഗണിതക്രിയകളിൽ താൽപര്യമില്ലായ്മയും ഉണ്ട്. പരിജ്ഞാനക്കുറവും ഗണിതവിഷയത്തോട് താല്പര്യമില്ലായ്മയും ഉണ്ട്.

ശാസ്ത്ര വിജ്ഞാനം വളർത്തിയെടുക്കുക. ഇംഗ്ലീഷ് ഭാഷയിലുള്ള പരിജ്ഞാനക്കുറവ് മാറ്റിയെടുക്കുക എന്നിവക്കുള്ള പരിഹാരപ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട ആവശ്യകതയുണ്ട്. PTA യോഗങ്ങളിൽ രക്ഷകർത്താക്കളുടെ

പങ്കാളിത്തം കുറയുന്നതായി കണ്ടു. സാമൂഹ്യബോധവും മൂല്യച്യുതിയില്ലാത്തതുമായ വിദ്യാർത്ഥികളെ വാർത്തെടുക്കേണ്ട ആവശ്യകതയുണ്ട്. പരിഹാരപ്രവർത്തനങ്ങൾ വിദ്യാർത്ഥികളെ ഇവയ്ക്കു വേണ്ടിയുള്ള ഏറ്റെടുക്കാൻ തീരുമാനിച്ചു.

കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| LKG | 5 | 2 | 7 |
| UKG | 5 | 7 | 12 |
| I | 11 | 8 | 19 |
| II | 10 | 6 | 16 |
| III | 7 | 7 | 14 |
| IV | 11 | 14 | 25 |
| V | 7 | 9 | 16 |
| VI | 21 | 17 | 38 |
| VII | 23 | 13 | 36 |
| ആകെ | 100 | 83 | 183 |

II. ലാബ് സൗകര്യങ്ങൾ :

എല്ലാ കുട്ടികൾക്കും പരീക്ഷണം ചെയ്യാൻ സംവിധാനമുണ്ട്. പുസ്തകങ്ങൾ സൂക്ഷിക്കാൻ സൗകര്യമില്ല. വാഷ്ബേസിൻ ഇല്ലാത്തതിനാൽ പരീക്ഷണം ചെയ്യുന്നതിന് താമസം നേരിടുന്നു. മൈക്രോസ്കോപ്പ് പഴക്കം ചെന്നതാണ്.

ജല ലഭ്യതയോടുകൂടിയ ഒരു വാഷ്ബേസിനും ഒരു മൈക്രോസ്കോപ്പും ലഭ്യമാക്കേണ്ടതാണ്.

III. ഉച്ചഭക്ഷണം

അടച്ചുറപ്പുള്ള പാചകപ്പുര ഉണ്ട്. ചില സന്ദർഭങ്ങളിൽ ഗ്യാസ് ലഭ്യതയിൽ ബുദ്ധിമുട്ട് നേരിടാറുണ്ട്. ജല ലഭ്യതയുണ്ട്.

IV. ഫർണിച്ചർ

കുട്ടികളുടെ എണ്ണമനുസരിച്ച് ഫർണിച്ചറുകൾ കുറവാണ്. ശിശു സൗഹൃദ ഫർണിച്ചർ തീരെയില്ല. ഏറ്റവും കുറഞ്ഞത് 25 ജോടി പുതിയ ബെഞ്ചും ഡസ്കും ആവശ്യമുണ്ട്.

V. കുടിവെള്ള സ്രോതസ്സ്

ടാപ്പ് വാട്ടർ ആണ് ഉപയോഗിക്കുന്നത്. ഫെബ്രുവരി - മാർച്ച് മാസങ്ങളിലെ

വേനലിലും, വൈദ്യുതിയില്ലാത്ത സന്ദർഭങ്ങളിലും കടുത്ത ജലക്ഷാമം അനുഭവിക്കുന്നുണ്ട്. കുഴൽകിണർ ഉണ്ടെങ്കിലും ഉപ്പും ഓരും കലർന്ന വെള്ളമാണ്. ജലം ശുദ്ധീകരിക്കാനുള്ള സംവിധാനമുണ്ട്.

VI. കെട്ടിടത്തിന്റെ അവസ്ഥ

സ്കൂളിൽ 9 ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ റൂം,ലൈബ്രറി, ലാബ്, LKG, UKG ക്ലാസ്സുകൾ എന്നിവ ക്രമീകരിച്ചിരിക്കുന്നു. ഈ 5 കെട്ടിടങ്ങളിൽ 4 ക്ലാസ്സ് മുറികളുംLKG, UKG ക്ലാസ്സുകളും ക്രമീകരിച്ചിരിക്കുന്ന 2 കെട്ടിടത്തിന് അത്യാവശ്യം പുതുക്കിപണി വേണ്ടതാണ്. ഈ രണ്ട് കെട്ടിടത്തിനും ഏകദേശം 50 വർഷത്തെ പഴക്കമുണ്ട്. വാർഷിക അറ്റകുറ്റപണി നടത്തിയാണ് ഇവ നില നിർത്തിപോരുന്നത്.

VII. ടോയ്ലറ്റ്

ഉപയോഗക്ഷമമായ, ജലലഭ്യതയോടുകൂടിയ 12 എണ്ണം നിലവിലുണ്ട്.

VIII. ലൈബ്രറി

ഇരിപ്പിട സൗകര്യങ്ങളോടെയുള്ള ലൈബ്രറിയുണ്ട്. ആവശ്യത്തിന് പുസ്തകങ്ങളുണ്ട്. ക്ലാസ്സ് ലൈബ്രറികളും സജ്ജീകരിച്ചിട്ടുണ്ട്.

IX. കളിസ്ഥലം

മഴക്കാലത്ത് വെള്ളക്കെട്ടായതിനാൽ ഗ്രൗണ്ട് ഉപയോഗിക്കുവാൻ കഴിയുന്നില്ല. സ്കൂൾ ഗ്രാന്റ് ഉപയോഗിച്ചു വാങ്ങുന്ന കളിയുപകരണങ്ങൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. സ്കൂളിൽ ആഴ്ചയിൽ 3 ദിവസമെങ്കിലും ഒരു കായികാദ്ധ്യാപകന്റെ സേവനം ഉറപ്പാക്കേണ്ടതുണ്ട്.

X. ഐ.ടി. സൗകര്യം

പ്രവർത്തനയോഗ്യമായ 6 ലാപ്പ്ടോപ്പും 2 പ്രൊജക്ടറും ഉണ്ട്. ഹൈടെക്ക് ക്ലാസ്സ്മുറികളില്ല.

പ്രോജക്ടർ, കൂടുതൽ കമ്പ്യൂട്ടറുകൾ എന്നിവ ആവശ്യമാണ്.

**നേരിടുന്ന പ്രശ്നങ്ങൾ / വെല്ലുവിളികൾ**

☑ ക്ലാസ്സ് PTA കളിൽ രക്ഷകർത്താക്കളുടെ പങ്കാളിത്തം കുറവാണ്.

☑ കുട്ടികളെ ശ്രദ്ധിക്കാനുള്ള രക്ഷകർത്താക്കളുടെ സമയക്കുറവ്

☑ പഠനപ്രവർത്തനങ്ങളുടെ ബാഹുല്യം മൂലം അവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബുദ്ധിമുട്ടുന്നു.

☑ ഹർത്താൽ, ബന്ദ് എന്നിവ പഠനപ്രവർത്തനത്തെ ബാധിക്കുന്നുണ്ട്

- ☑ ചില വിഷയങ്ങളിലെ ചില ചോദ്യങ്ങൾ കുട്ടികളുടെ നിലവാരത്തേക്കാൾ ഉയർന്നതാണ്
- ☑ ആശയവ്യക്തതയില്ലാത്ത സമഗ്രമല്ലാത്ത പാക്കേജുകൾ
- ☑ പഠനപ്രവർത്തന ബാഹുല്യം
- ☑ റിസോഴ്സസ് അദ്ധ്യാപകരുടെ കുറവ്.

**പദ്ധതി രൂപീകരണ പ്രക്രിയ**

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി സ്കൂൾ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ നടത്തേണ്ട പ്രവർത്തനങ്ങൾ S.R.G വിളിച്ചുകൂട്ടി ചർച്ച ചെയ്തു. S.R.G യിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ രേഖപ്പെടുത്തി PTA യിൽ അവതരിപ്പിച്ചു. PTA യുടെ തീരുമാനമനുസരിച്ച് പൂർവ്വവി \ദ്യാർത്ഥി സംഗമം നടത്തുവാൻ തീരുമാനിച്ചു.

PTA പ്രതിനിധികളും അധ്യാപകരും ഉൾപ്പെടുന്ന സ്ക്വാഡുകൾ രൂപീകരിച്ചു. ഓരോ സ്ക്വാഡും പ്രദേശത്തെ പൂർവ്വവിദ്യാർത്ഥികളെ സംഗമത്തിനായി ക്ഷണിച്ചു.

പൂർവ്വവിദ്യാർത്ഥി സംഗമത്തിന്റെ ഒന്നാം ഘട്ടത്തിൽ മുതിർന്ന പൂർവ്വ വിദ്യാർത്ഥികളെയും അധ്യാപകരെയും ആദരിക്കുകയും പൊന്നാട അണിയിക്കുകയും ചെയ്തു. അതോടൊപ്പം സ്കൂളിന്റെ അവസ്ഥ വിശകലനം ചെയ്ത് പൊതു സമൂഹത്തെ ബോധ്യപ്പെടുത്തുക എന്ന പ്രവർത്തനം നടന്നു.

പൂർവ്വവിദ്യാർത്ഥി സംഗമത്തിന്റെ രണ്ടാം ഘട്ടത്തിൽ സ്കൂളിന്റെ അവസ്ഥ മെച്ചപ്പെടുത്തുന്നതിനായി നടത്തേണ്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് ലിസ്റ്റു ചെയ്തു. അതിനാവശ്യമായ സംഭാവനകൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. തീരുമാനിച്ചതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ തുടർന്നു പോകുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയം - ഗണിതം ക്ലാസ്സ് : 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു | • പ്രവർത്തന package തയ്യാറാക്കി ചെയ്യുന്നു<br>• നമുക്ക് കൂട്ടാം.<br>• കുറച്ചാലോ<br>• ഗുണനം രസകരം<br>• വീതംവെക്കാം. | ജൂൺ മുതൽ ഫെബ്രുവരി വരെ | ടീച്ചർ |
| അഞ്ചാം ക്ലാസിലെ കുട്ടികളിൽ സ്ഥാന വില ഉറപ്പിക്കൽ എല്ലാകുട്ടികളേയും സംഖ്യകൾ എഴുതാനും വായിക്കാനും ശേഷി ഉള്ളവരാക്കുന്നു . | • അബാക്കസ് ഉപയോഗിച്ച് സംഖ്യകൾ രൂപീകരിക്കുന്നു. എഴുതുന്നു വായിക്കുന്നു.<br>• സ്ഥാനവില ചെറുത് വലുത്<br>• ആരോഹണം \|<br>• അവരോഹണം<br>• സംഖ്യാവ്യാഖ്യാനം | ജൂലൈ - ആഗസ്റ്റ് | ടീച്ചർ |
| ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയ പെടുത്തൽ ഗണിതത്തിൽ | ഗണിതക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 1 മാസം ഒരു ഗണിത ശാസ്ത്രജ്ഞനെ പരിചയപെടുത്തുന്ന പ്രവർത്തനങ്ങൾ. | എല്ലാ മാസവും ഒരു പ്രവർത്തനം | ടീച്ചർ ഗണിത ക്ലബ്ബ് |
| ഗണിതമാഗസിൻ തയ്യാറാക്കുന്നു. | ഒരു കുട്ടിക്ക് ഒരു മാഗസിൻ | ആഗസ്റ്റ് | ടീച്ചർ കുട്ടികൾ |
| ഗണിത ലാബ് സജീകരിക്കുന്നു. നിർമ്മാണപ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുമ്പോൾ താല്പര്യം വർദ്ധിക്കുന്നു. | ഗണിതലാബിലേക്ക്വേണ്ട സാമഗ്രികളുടെ നിർമ്മാണം (5 എണ്ണം നിർമ്മിക്കുന്നു) | രണ്ട് മാസം കൂടുമ്പോൾ ഒരു ഉല്പന്നം എന്ന കണക്കിൽ | ടീച്ചർ കുട്ടികൾ |
| Geogebra പരിചയപെടുത്തൽ ഗണിത പഠനം രസകരവും ലളിതവുമാക്കുന്നതിനായി പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | 5, 6, 7 ക്ലാസ്സുകളിൽ Geogebra യിൽ പഠിക്കാൻ കഴിയുന്ന പാഠഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ചെയ്യുന്നു. | എല്ലാ മാസവും 2 ക്ലാസ്സ് | ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയം - ഹിന്ദി

| ഉദ്ദേശ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | ▪ അക്ഷരം എഴുതൽ<br>▪ ചിഹ്നം ഉറപ്പിക്കൽ<br>▪ അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്<br>▪ ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>▪ വാക്കുകൾ നിർമ്മാണം<br>▪ വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | | ടീച്ചർ |
| അഞ്ചാം ക്ലാസിലെ കുട്ടികളിൽ സ്ഥാന വില ഉറപ്പിക്കൽ<br>എല്ലാകുട്ടികളെയും സംഖ്യകൾ എഴുതാനും വായിക്കാനും ശേഷി ഉള്ളവരാക്കുന്നു . | ▪ ഹിന്ദി ദിനം ആചരിക്കൽ<br>▪ ഹിന്ദി അസംബ്ലി.<br>▪ ഹിന്ദിയിൽ പാട്ട് പാടുക<br>▪ വീട് ഒരു പരീക്ഷണശാല<br>▪ വീടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങളുടെ പേര്<br>▪ പച്ചക്കറികളുടെ പേര് | സെപ്റ്റംബർ - ഒക്ടോബർ | ഹിന്ദി നിഘണ്ടു | റിസോഴ്സ് ടീച്ചർ |
| ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | ▪ ഹിന്ദി. അസംബ്ലി.<br>▪ ക്ലാസ്സ് ലൈബ്രറി<br>▪ ചിത്രം. അടിക്കുറിപ്പ്<br>▪ പോസ്റ്റേഴ്സ്<br>▪ വായനമൂല | നവംബർ | | ടീച്ചർ ഗണിത ക്ലബ്ബ് |

| महीना | गतिविधियां |
| --- | --- |
| जून-5<br>**पर्यावरण दिवस** | पोस्टर, प्रतिका |
| जून-19<br>**वाचन दिवस** | वाचन कार्ड, पोस्टर |
| जून-26<br>**लोक - नश बिषेध दिवस** | नारे, भाषण |
| जुलाई-31<br>**मुंशी प्रेमचंद्र जथती** | पेंसिल ड्राइंग, पोस्टर |
| अगस्त-15<br>**स्वतंत्रता दिवस** | देश भक्ति गीत, पोस्टर |
| सितंबर-5<br>**अध्यापक दिवस** | भाषण, पोस्टर, चिन रचना |
| सितंबर-14<br>**हिन्दी दिवस** | पोस्टर, नारा, सभा, भाषण, कवितालापन |
| अक्तूबर- 2<br>**गांधी जयंती** | चित्र, पोस्टर, भाषण |
| नवंबर- 1<br>**केरल का जन्मदिन** | कविता, पोस्टर , गीत |
| नवंबर-14<br>**बाल दिवस** | पोस्टर |
| जनवरी-26<br>**गणतंत्र दिवस** | गीत, पोस्टर, भाषण, सभा, ड्राइंग |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയം - അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | സമയം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി കുട്ടികളെ ബോധവാന്മാരാക്കുക | ▪ ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവകൃഷി ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ.<br>▪ ജൈവവൈവിധ്യരജിസ്റ്റർ നിർമ്മാണം | ജൂൺ - മാർച്ച് | |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ▪ നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു.<br>▪ പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു.<br>▪ പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരം തയ്യാറാക്കുന്നു | ജൂൺ - ഡിസംബർ | ഹിന്ദി നിഘണ്ടു |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ▪ സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br>▪ ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രം വായിക്കുന്നു. കുറിപ്പുകൾ തയ്യാറാക്കുന്നു പതിപ്പ് നിർമ്മാണം<br>▪ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുന്നു | ആഗസ്റ്റ്<br>അക്കാദമിക വർഷം | |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കണ്ടുപിടിത്തങ്ങൾ എന്നിവയിൽ അവബോധം ഉണ്ടാക്കുക. | ▪ ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>▪ പുതിയ കണ്ടെത്തലുകൾ ശാസ്ത്ര സത്യങ്ങൾ എന്നിവയുടെ പ്രദർശനം.<br>▪ സയൻസ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ ക്വിസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | |
| വ്യക്തി ശുചിത്വത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | ▪ വ്യക്തി ശുചിത്വങ്ങൾ സാമൂഹിക ശുചിത്വങ്ങൾ എന്നിവ ചർച്ചയിലൂടെ കണ്ടെത്തി എഴുതി ക്ലാസുകളിൽ പ്രദർശിപ്പിക്കുന്നു | ജൂൺ - ജൂലൈ | സയൻസ് ടീച്ചർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയം - സംസ്കൃതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | ചുമതല വഹിക്കേണ്ടവർ | ഉൾച്ചേർന്ന പ്രവർത്തനങ്ങൾ |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും ഭാഷാപഠന തൽപരരാക്കുന്നു. അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നു | കുട്ടികളുടെ പഠന മികവുകളും പരിമിതികളും മനസ്സിലാക്കി അവരുടെ താല്പര്യങ്ങൾക്ക് അനുസരിച്ചുള്ള പഠന പ്രവർത്തനങ്ങളും പഠനരീതികളും സ്വീകരിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ചിത്രങ്ങൾ വീഡിയോ പഠനോപകരണങ്ങൾ | അധ്യാപിക | അനുരൂപീകരണ ഉപാധികൾ (സഹ) പാഠികളുടെ സഹായത്തോടെ പഠനപ്രവർത്തനങ്ങളിൽ സഹായിക്കാൻ ഗ്രൂപ്പ് പ്രവർത്തനം |
| വായനാവാരത്തോട് അനുബന്ധിച്ചുള്ള ക്ലാസ് തല പ്രവർത്തനങ്ങൾ | കഥാ ശില്പശാല അധ്യാപകൻ ഒരു പുസ്തകം പരിചയപ്പെടുത്തി അവലോകനം നടത്തുന്നു | | | | |
| സാഹിത്യാഭിരുചി വളർത്താനുള്ള പ്രവർത്തനങ്ങൾ | കുട്ടികൾ പുസ്തകാവലോകനം നടത്തുന്നു. | | | | |
| ആശയങ്ങൾ തെറ്റ് കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം നൽകൽ. | പ്രശസ്തമായ മാഗസിൻ കഥ കവിത ഉപന്യാസം എന്നിവയുള്ള പരിശീലനം സൃഷ്ടിക്കുന്നു. | | | | |
| ഭാഷാ പഠനം കലാപരിചയം | സംസ്കൃതോത്സവത്തിനായി കുട്ടികളെ കണ്ടെത്തി കലാരൂപങ്ങൾ പരിചയപ്പെടുത്തി പരിശീലനം നൽകുന്നു. ഭാഷാ പ്രാധാന്യം കണക്കിലെടുത്ത് കഥ, സമസ്യ, ചിത്രരൂപം എന്നിവയ്ക്ക് സജ്ജരാക്കുന്നു. | | ചിത്രങ്ങൾ വീഡിയോ | | സബ്ജില്ല മത്സരാർത്ഥികൾക്ക് സഹായം നൽകൽ |

| | | | | | |
|---|---|---|---|---|---|
| സംഭാഷണ പരിശീലനം | പരിശീലനസംബന്ധി യായി കുട്ടികളുടെ ഭാഷാപ്രയോഗ സാമർത്ഥ്യം മെച്ചപ്പെടുത്തുന്ന തിനായി കുട്ടികൾ താൽപര്യത്തോടെ പങ്കെടുക്കുന്നു | | | | |
| പഠനയാത്ര | പാഠഭാഗവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഒരു സ്ഥലം സന്ദർശിക്കുന്നു | | | | |
| മത്സര പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം | രാമായണ പ്രശ്നോത്തരി, സംസ്കൃത പ്രശ്നോത്തരി, USS പരിശീലനം, സംസ്കൃത സ്കോളർഷിപ്പ് പരിശീലനം | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## വിഷയം - സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചരിത്ര പഠനത്തെ ചരിത്രാ ന്വേഷണം ഉള്ളവർ ആക്കുക. ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | കോട്ടം ഗേറ്റും ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക | അദ്ധ്യാപ കർ |
| ജനാധിപത്യം ഒരു ജീവിതശൈലി ആക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ** : സ്കൂൾ ഇലക്ഷൻ - ക്ലാസ് ലീഡർ, സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് എന്നിവ ഇലക്ഷൻ മാതൃകയിൽ നടത്തുക. പൗരബോധം, സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ തെരഞ്ഞെ ടുത്ത ദിനങ്ങളിൽ. | അദ്ധ്യാപ കർ |
| സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | **എറൈസ്** : സാമൂഹ്യ ശാസ്ത്ര ലാബ് ക്രമീകരിക്കുക, ആകാശ കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപ കർ |
| മോഡൽ നിർമ്മാണം | **3D ലോകം** : ചരിത്ര സ്മാരകങ്ങ ളുടെ 3D മോഡലുകൾ നിർമ്മിക്കുക. ക്ലാസ്സിൽ പ്രദർശിപ്പിക്കുക. | വർഷം മുഴുവൻ നിശ്ചിത ഇടവേളകളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപ കർ |
| ഭൂമിയെ അടുത്തറിയൽ | **ഇതാണോ രേഖ** : ഭൂമിയുടെ സാങ്കല്പിക രേഖകളായ അക്ഷാംശരേഖ, രേഖാംശരേഖ എന്നിവയുടെ മോഡൽ നിർമ്മാണം | പാഠഭാഗം പഠിക്കുന്ന സമയത്ത് | |
| ഭൂപട വായന കുട്ടികളിൽ വളർത്തുക | **ഏതാണോ രാജ്യം** : അറ്റ്ലസ് മാപ്പുകൾ, ഗ്ലോബ് എന്നിവയിലൂടെ കുട്ടികളിലെ ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നു. | വർഷം മുഴുവൻ | |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരി ക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | **Active Socio** : സാമൂഹ്യശാസ്ത്ര വുമായി ബന്ധപ്പെട്ട് പൊതു വിജ്ഞാന മേഖല പരിപോഷിപ്പി ക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് വ്യക്തമായ ധാരണ നൽകുക | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപ കർ |

| | | | |
|---|---|---|---|
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെ കുറിച്ചും റോഡ് സംരക്ഷണത്തെ ക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു. | **എടുത്തുചാട്ടം ആപത്ത് :** ക്ലാസിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ക്ലാസ് നൽകണം. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Socio Trip : ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |
| സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹനം നൽകുക. | നേരോടെ നന്മ : പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനങ്ങൾ ആവശ്യക്കാരിലേക്ക് എത്തിക്കുക. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## മേഖല : UP മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക. | എഴുത്തുപെട്ടി<br>പത്രം വായന<br>വായന അനുഭവം<br>ദിനാചരണം<br>വായനക്കുറിപ്പ്<br>പുസ്തക ചർച്ച | അക്കാദമിക വർഷം |
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക. | എഴുത്തുകൂട്ടം<br>പുസ്തക ചർച്ച<br>സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>വ്യക്തിഗത രചന<br>സംഘ രചന<br>കഥാരചന, കവിത രചന, നാടക രചന | അക്കാദമിക വർഷം |
| സദസ്സിനെ അഭിമുഖികരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗ പരിശീലന കളരി<br>പ്രസംഗം തയ്യാറാക്കൽ, അവതരണം | അക്കാദമിക വർഷം |
| സാഹിത്യ കൃതികളോടുള്ള മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ ലഘു നാടകങ്ങൾ എന്നിവ കുട്ടികൾ ചിട്ടപ്പെടുത്തി അവതരിപ്പിക്കാൻ അവസരം നൽകുന്നു. | നിശ്ചിത ഇടവേളകളിൽ |
| പഠിതാക്കളിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | വാർത്താവായന : നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. | നിശ്ചിത ഇടവേളകളിൽ |
| അടിസ്ഥാനശേഷി വികസനം | ഭാഷാകൈരളി : അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ചു അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു.<br>വാക്കിൽ നിന്നും വാക്യത്തിലേക്ക് : അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട ചാർട്ട് പേപ്പർ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | നിശ്ചിത ഇടവേളകളിൽ |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-2026

## മേഖല : UP English

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഭാവാത്മക വായന പരിശീലനം നൽകൽ | I can : വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു തെറ്റ് കൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | അക്കാദമിക വർഷം |
| | Fly High : പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത പദങ്ങൾ ചാർട്ടിൽ എഴുതി വായിക്കുവാൻ അവസരം കുട്ടികൾക്ക് നൽകുന്നു. മുഴുവൻ വാക്കുകളും തെറ്റാതെ വായിക്കുന്നവർക്ക് സമ്മാനം നൽകുന്നു. | അക്കാദമിക വർഷം |
| | Reader of the Mouth : ഇംഗ്ലീഷ് പുസ്തകം (ലൈബ്രറി) വായിക്കുവാൻ അവസരം നൽകി Reader of the Mouth നെ ആദരിക്കുന്നു | മാസത്തിലൊരി ക്കൽ |
| തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | Golden Wings : കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് തല മാഗസിൻ തയ്യാറാക്കുന്നു. | അക്കാദമിക വർഷം |
| | Fun Time : കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, Tongue Twister എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | നിശ്ചിത ഇടവേളകളിൽ |
| | Pass Pass : കുട്ടികളെ ഗ്രൂപ്പുകൾ ആക്കുന്നു ചാർട്ടിൽ എഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനുശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവുമാദ്യം വാക്യങ്ങൾ തെറ്റാതെ എഴുതിയവരെ വിജയിയായി പ്രഖ്യാപിക്കുന്നു. | നിശ്ചിത ഇടവേളകളിൽ |
| | Sign Zone : സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമിലും പ്രദർശിപ്പിക്കുന്നു. | അക്കാദമിക വർഷം |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Seek and Say : വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. | മാസത്തിലൊരി ക്കൽ |
| | Lend your Ear : ലളിതവും രസകരവുമായ ഇംഗ്ലീഷ് ചെറുകഥ കവിത കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് കുട്ടി തന്നെ ഉത്തരം പറയുന്നു | മാസത്തിലൊരി ക്കൽ |

പ്രവർത്തനം : 15

പേര് : PTA സജീവമാക്കൽ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുക | ക്ലാസ്സ് PTA കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ ഉണ്ടാകണം. ഉല്പന്നങ്ങളുടെ പ്രദർശനം | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ PTA | ..... |

പ്രവർത്തനം : 16

പേര് : ഗ്രന്ഥശാലകളുമായി പ്രവർത്തിച്ച് അവയുടെസേവനം ലഭ്യമാക്കുക

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗവാസന പരിപോഷിപ്പിക്കൽ | തൊട്ടടുത്ത ഗ്രന്ഥശാല യായ മുതുകുളം പാർവ്വതിയമ്മ ട്രസ്റ്റുമായി ചേർന്നുകൊണ്ട് സ്കൂളിൽ എഴുത്തുപെട്ടി സ്ഥാപിച്ചിട്ടുണ്ട്. അതിൽ കുട്ടികളുടെ രചന ഇടുന്നു. മികച്ചവയ്ക്ക് പ്രോത്സാഹന സമ്മാനം നൽകുന്നു. | മൂന്നു മാസ ത്തിൽ ഒരിക്കൽ | അദ്ധ്യാപകർ, PTA മുതുകുളം പാർവ്വതിയമ്മ ട്രസ്റ്റ് | ട്രസ്റ്റ് |

പ്രവർത്തനം : 17

പേര് : പൂർവ്വവിദ്യാർത്ഥി സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക | സ്കൂളിന്റെ ഭൗതികസാഹചര്യം വീണ്ടും മെച്ചപ്പെടുത്തുന്നതിനായി പൂർവ്വവിദ്യാർത്ഥികളുടെ സംഗമം സംഘടിപ്പിച്ച് പഠന മികവ് ബോദ്ധ്യപ്പെടുത്തി അവരുടെ സഹകരണത്തോടെ വിദ്യാലയം മികവുറ്റതാക്കി മാറ്റുന്നതിനാവശ്യമായ സഹായങ്ങൾ സ്വീകരിക്കുന്നു | ഒക്ടോ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ, SRG,PTA | ----- |

പ്രവർത്തനം : 18

മേഖല : സാമൂഹികം

ഉപമേഖല : ഭവന സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിന്റെ മികവുകൾ സമൂഹത്തിലേക്ക് എത്തിക്കുന്നതിന് | അദ്ധ്യാപകർ ഗ്രൂപ്പുകളായി തിരിഞ്ഞ് ഭവന സന്ദർശനം നടത്തുകയും സ്കൂളിന്റെ മികവുകൾ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുന്നു. | ഒക്ടോ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ, PTA | ---- |

പ്രവർത്തനം : 19

മേഖല : സാമൂഹികം

ഉപമേഖല : കോർണർ PTA

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി കോർണർ PTA കൂടുന്നു | അദ്ധ്യാപകരെ ഗ്രൂപ്പുകളായി തിരിച്ച് ഓരോ പ്രദേശത്തെയും ചുമതല കൊടുക്കുന്നു. ഓരോ പ്രദേശത്തെയും രക്ഷാകർത്താക്കളെ വിളിച്ച് ചേർത്ത് അക്കാദമിക മികവുകൾ, പോരായ്മകൾ എന്നിവ പങ്കുവയ്ക്കുന്നു. | മൂന്നു മാസത്തിൽ ഒരിക്കൽ | അദ്ധ്യാപകർ | ----- |

# മോനിറ്ററിംഗ്

എല്ലാ മേഖലകളിലും മോനിറ്ററിംഗ് അനിവാര്യമാണ്. ഫലപ്രദമായ മോണിറ്ററിംഗിലൂടെ മാത്രമേ ഫലപ്രദമായ മെച്ചപ്പെടുത്തലുകൾ ഉണ്ടാകുകയുള്ളൂ.പോരാ യ്മകൾ കണ്ടെത്താനും ന്യൂനതകൾ പരിഹരിക്കുന്നതിനും മോനിറ്ററിംഗ് അത്യാവ ശ്യമാണ്. അക്കാദമിക തലത്തിൽ S.R.G., B.R.C, AEO എന്നീ ഘടകങ്ങൾക്ക് മോനിറ്ററിംഗ് സാധ്യമാണ്.

മെച്ചപ്പെടുത്തലുകൾ നടത്തി അവയുടെ ഫലമായുണ്ടാകുന്ന മികവുകൾ സമൂഹത്തിലേക്ക് എത്തിക്കുന്നതിനും മോനിറ്ററിംഗ് സഹായിക്കും. മോണിറ്ററിംഗ് ഫലപ്രദമായാൽ തുടർപ്രവർത്തനങ്ങളുടെ ആസൂത്രണവും സമഗ്രമായിരിക്കും.

ചുമതലപ്പെടുത്തിയിട്ടുള്ള അധ്യാപകർ, H.M., എന്നിവർ മോനിറ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും. മികവുകൾ, പോരായ്മകൾ എന്നിവ S.R.G കൂടി വിലയിരുത്തുന്നതാണ്. രേഖകൾ സൂക്ഷിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. Class P.T.A., P.T.A. എന്നിവയിലൂടെ മികവുകൾ സമൂഹത്തിലെത്തിക്കുന്നതാണ്.